## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2424</u> <u>08.12.2015-ൽ മറുപടിയ്ക്ക്</u>

### <u>ആമയിട തോപ്പിൽ പട്ടികവർഗ്ഗ കോളനി പുനരുദ്ധരിക്കാൻ നടപടി</u>

<u>ചോദ്യം</u>
**ശ്രീ. ജി. സുധാകരൻ**

<u>മറുപടി</u>
**ശ്രീമതി. പി. കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലെ ആമയിട തോപ്പിൽ പട്ടികവർഗ്ഗ കോളനിയിലെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കി കോളനിയിലേയ്ക്ക് വഴി നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | പ്രസ്തുത പ്രദേശത്തെ വെള്ളക്കെട്ട് പ്രശ്നം പരിഹരിച്ച് നടപ്പാത നിർമ്മിക്കുന്നതിന് 15,46,493/-രൂപ (പതിനഞ്ച് ലക്ഷത്തി നാല്പത്തി ആറായിരത്തി നാനൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) 2014-15-ൽ കോർപ്പ[redacted] ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയായ അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് വഴി പദ്ധതി നടപ്പിലാക്കി വരുന്നു. |
| സി) | ഈ കോളനി നിവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | സി) | ഈ കോളനി നിവാസികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് അർഹരായ ഗുണഭോക്താക്കൾക്ക് വിവിധ പദ്ധതികൾ മുഖേന വീട്, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, നൈപുണ്യ വികസനം, ഗതാഗത സൗകര്യങ്ങൾ, വൈദ്യുതി തുടങ്ങി അടിസ്ഥാന സൗകര്യങ്ങളും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ